**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **19-06-2024 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് വില്ലേജിലെ 354/7-ൽ പെട്ട വസ്തുവിൽ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിരുന്ന രണ്ടേക്കർ എൺപത്തിയേഴ് സെന്റ് ഭൂമി നിലവിൽ മോട്ടോർ വാഹന വകുപ്പ് ഉപയോഗിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ വകുപ്പിന്റെ കൈവശം ഉപയോഗമില്ലാതെ കിടക്കുന്ന എത്ര ഭൂമിയുണ്ട് എന്നറിയിക്കാമോ; പ്രസ്തുത ഭൂമിയിൽ നിന്നും വിവിധ പദ്ധതികൾക്കായി സർക്കാർ ഉത്തരവ് പ്രകാരം ഭൂമി അനുവദിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ വിഭാഗത്തിന് എത്ര സെന്റ് വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; | (എ) | മോട്ടാർ വാഹന വകുപ്പിന് അനുവദിച്ചിരുന്ന 2.87 ഏക്കർ ഭൂമിയിൽ 1.24 ഏക്കർ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നു. പ്രസ്തുത 2.87 ഏക്കർ ഭൂമിയിൽ നിന്നും 51സെന്റ് ഭൂമി ടൂറിസം പദ്ധതിക്കായും, 17 സെന്റ് ഭൂമി ആര്യകാവ് വില്ലേജ് ഓഫീസിന്റെ ആവശ്യത്തിനായും. 10 സെന്റ് ഭൂമി ആര്യകാവ് സഹകരണ ബാങ്കിനായും നൽകിയിട്ടുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പിന് നൽകിയ പ്രസ്തുത ഭൂമിയിൽ നിന്നും 16.18 ആർ സ്ഥലം ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായി റവന്യൂവകുപ്പിൽ നിക്ഷിപ്തമാക്കി സർക്കാർ ഉത്തരവ് നൽകുന്നതിലേയ്ക്കായി കൊല്ലം ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ; നടപടികൾ പൂർത്തിയാക്കി സ്ഥലം എക്സൈസ് വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. |
| (സി) | പ്രസ്തുത ഭൂമി നിലവിൽ ആരുടെയൊക്കെ കൈവശം എത്ര വീതമുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയിൽ അനധികൃത കയ്യേറ്റം ഉണ്ടെങ്കിൽ ആയതിന്റെ വിവരം നൽകാമോ; | (സി) | KTDC – 51 സെന്റ്<br>ആര്യങ്കാവ് വില്ലേജ് ഓഫീസ് -17 സെന്റ്<br>ആര്യങ്കാവ് സഹകരണ ബാങ്ക് -10 സെന്റ്<br>വഴി, റോഡ് - 11 സെന്റ്<br>മോട്ടാർ വാഹന വകുപ്പിന്റെ കെട്ടിടം - 30 സെന്റ്<br>അനധികൃത കയ്യേറ്റം - 4 സെന്റ് |

| | | | |
|---|---|---|---|
| (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ കൈവശം ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ